ഈ ട്രാക്റ്റിൻെറ തലക്കെട്ടിൽ പറഞ്ഞിരിക്കുന്നതു പോലെ വളരെ ജോലി തിരക്കുള്ള ഒരു വ്യക്തി ആയിരിക്കാം നിങ്ങൾ. സുവിശേഷം കേൾക്കുവാൻ സമയമോ താല്പര്യമോ ഇല്ലാത്ത വ്യക്തിയും ആയിരിക്കാം. എന്നാൽ നിനയാത്ത നാഴികയിൽ മരണം നിന്നെ പിടികൂടും. മരണത്തിൻെറ മുൻപിൽ ഒഴുവുകഴിവുകൾ പറയുവാൻ നിനക്കു് കഴിയുകയില്ല. മരണം നിശ്ചയം സമയം നിശ്ചയമില്ലായെന്നു മാത്രം. നിനയാത്ത നാഴികയിൽ മരണം നിന്നെ പിടിക്കുടുമ്പോൾ “ഹേ മരണമേ, നിൻെറ ജയം എവിടെ? ഹേ മരണമേ, നിൻെറ വിഷമുള്ളു എവിടെ?” ( 1 കൊരിന്ത്യർ 15:55 ) എന്നു ധൈര്യത്തോടു നിനക്കു് പറയുവാൻ കഴിയുമോ?. കർത്താവായ യേശുക്രസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ച ഒരു വ്യക്തിയ്ക്കു മാത്രമേ ഇപ്രകാരം ധൈര്യത്തോടു് പറയുവാൻ കഴികയുള്ളു.

പ്രിയ സുഹൃത്തേ!, സമയം നിനക്കുവേണ്ടി കാത്തുനില്ക്കുകയില്ല. ഇപ്പോൾ തന്നെ ഒരു തീരുമാനത്തിൽ എത്തിച്ചേരുക. കർത്താവായ യേശുക്രസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചു് ഒരു ദൈവപൈതലായി തീരുവാൻ ദൈവം നിനക്കു കൃപ നൽകുമാറാകട്ടെ. ആമേൻ.

*ഈ വിഷയങ്ങളെക്കുറിച്ചു് കൂടുതൽ അറിയുവാൻ നിങ്ങൾക്കു് ആഗ്രഹമുണ്ടെങ്കിൽ താഴെ കാണുന്ന വിലാസത്തിലോ ഫോൺ നമ്പരിലോ ബന്ധപ്പെടുക.*

# വളരെ ജോലി തിരക്കു്

ഉപദേശി: *“താങ്കളുടെ ആത്മാവിനെക്കുറിച്ചു് സംസാരിക്കുവാൻ ഒരു നിമിഷം അനുവദിക്കുമോ?”*




മരണം: *“മനുഷ്യാ, ഇതാ നിൻെറ് സമയമായി നിന്നെ കൊണ്ടു പോകുവാനായിട്ടാണു് ഞാൻ വിന്നിരിക്കുതു്.”*

ധനവാൻ: *“ഇപ്പോൾ അരുതേ, എനിക്കു് അല്പം കൂടി സമയം തരണമേ!.”*

മരണം: *“ഇല്ല, ഞാൻ വളരെ ജോലി തിരക്കിൽ ആണു്”*

ശാസ്ത്രീയ-സാങ്കേതിക ഉന്നതിയുടെ അത്യുച്ചകോടിയിൽ എത്തിയിരിക്കുന്ന ആധുനീക ലോകം. അതിൻെറ് നടുവിൽ ഭൗതീക ഉന്നതിക്കുവേണ്ടി വിശ്രമമില്ലാതെ രാപകൽ പണിയെടുക്കുന്ന ആധുനീക മനുഷ്യൻ. ഭൗതീക ഉന്നതിയിൽകൂടി ജീവിതത്തിൽ എല്ലാം നേടുവാൻ കഴിയുമെന്നാണു് മനുഷ്യൻെറ് കണക്കുകൂട്ടൽ. പണവും സമ്പത്തും പ്രതാപവും എല്ലാം ജിവിതത്തിൻെറ് എല്ലാ പ്രശ്നങ്ങളുടേയും ഉത്തരമായി മനുഷ്യൻ കാണുന്നു. ഇപ്രകാരം എങ്ങനെയെങ്കിലും കുറച്ച പണം സമ്പാദിച്ചു് ജീവിത പ്രശ്നങ്ങൾക്കു് പരിഹാരം കാണുവാൻ ഇന്നത്തെ മനുഷ്യൻ വെമ്പൽ കൊള്ളുന്നു.

ഇപ്രകാരം ഭൗതീക വിഷയത്തിൽ മാത്രം ശ്രദ്ധവച്ചു മുന്നോട്ടുപോകുന്ന മനുഷ്യൻെറ് യാത്ര പലപ്പോഴും പരാജയത്തിൽ ചെന്നു് അവസാനിക്കുന്നു. അതിൻെറ് കാരണം മറ്റു സകല സൃഷ്ടികളേക്കാളും വ്യത്യസ്തമായ അനുഭവത്തോടു കൂടെയാണു് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു്. മനുഷ്യൻെറ ആത്മാവു് അവനെ മറ്റു എല്ലാ സൃഷ്ടികളിൽനിന്നും വ്യത്യസ്തനാക്കിതീർക്കുന്നു. മനുഷ്യനിലെ ആത്മാവു് നിത്യമാണു്. എല്ലാ ജീവികളുടേയും അന്ത്യം മരണത്തോടു് അവസാനിക്കുമ്പോൾ മനുഷ്യജീവിതം അങ്ങനെ അവസാനിക്കുന്നില്ലായെന്നു് വേദപുസ്തകം വെളിപ്പെടുത്തുന്നു. എന്നാൽ ഈ സത്യം മനസ്സിലാക്കാതെ മനുഷ്യൻ താല്ക്കാലിക വിഷയങ്ങൾക്കു പിന്നാലെ പരക്കം പായുകയാണു്.

സാത്താൻ പ്രയോഗിക്കുന്ന ഏറ്റവും വലിയ തന്ത്രം ജീവിതത്തിൽ പ്രാധാന്യം കൂടിയ വിഷയങ്ങളിൻനിന്നും നമ്മുടെ ശ്രദ്ധപതറിച്ചുകൊണ്ടു് പ്രാധാന്യം കുറഞ്ഞ വിഷയങ്ങളിലേക്കു് ശ്രദ്ധയെ തിരിച്ചുവിടുകയാണു്. എന്നാൽ സാത്താൻെറ് ഈ തന്ത്രത്തിൽ മനുഷ്യൻ പലപ്പോഴും കുടുങ്ങിപോകുന്നതായി കാണുവാൻ കഴിയും.

വിശുദ്ധ വേദപുസ്തകം വളരെ വ്യക്തമായി വെളിപ്പെടുത്തുന്ന ഒരു സത്യമുണ്ടു്. "ഒരു മനുഷ്യൻ സർവ്വലോകവും നേടുകയും തൻെറ് ജീവനെ കളയുകയും ചെയ്താൽ അവന്നു എന്തു പ്രയോജനം.? ( മർക്കൊസ് 8:36 ) ഒരു മനുഷ്യൻെറ് ആത്മാവിൻെറ വില ഈ മുഴു ലോകത്തേക്കാളും വിലയേറിയതാണെങ്കിൽ, പ്രിയ സുഹൃത്തേ ഈ ആത്മാവിനുവേണ്ടി എന്തെങ്കിലും ചെയ്യുവാൻ നിനക്കു് കഴിഞ്ഞിട്ടുണ്ടോ?. നിത്യമായതും നിലനില്ക്കുന്നതുമായ ആത്മാവിനെ നഷ്ടമാക്കികൊണ്ടു് ജീവിതത്തിൽ എന്തു നേടിയാലും അതു വെറും ശൂന്യമെന്ന് വേദപുസ്തകം വെളിപ്പെടുത്തുന്നു.

ആദിയിൽ ദൈവത്തിൻെറ സ്വരൂപത്തിലും സാദൃശ്യത്തിലും സ്രഷ്ടിക്കപ്പെട്ട ആദാവും ഹവ്വയും പാപമില്ലാതെയാണു് സ്രഷ്ടിക്കപ്പെട്ടതു്. എന്നാൽ മനുഷ്യൻ പാപം ചെയ്തിൻെറ ഫലമായി ദൈവസന്നധിവിൽ നിന്നും പുറത്താക്കപ്പെട്ടു. ഇപ്രകാരം പാപം ചെയ്തു ദൈവസന്നിധിയിൽ നിന്നും പുറത്താക്കപ്പെട്ട മനുഷ്യനെ ദൈവത്തിങ്കലേക്കു് അടുപ്പിക്കുവാൻ ദൈവത്തിൻെറ ഏകജാതനായ പുത്രനായ യേശുക്രിസ്തു സ്വർഗ്ഗത്തിൻെറ മഹിമകളെ വെടിഞ്ഞു ഈ താണ ലോകത്തിലേക്കു് ഇറങ്ങിവന്നു. പാപിയായ മനുഷ്യൻ മരിക്കേണ്ട സ്ഥാനത്തു് മാനവജാതിയുടെ സകല പാപവും വഹിച്ചുകൊണ്ടു് യേശുക്രിസ്തു കാൽവറിയിൽ യാഗമായിത്തീർന്നു. വേദപുസ്തകം പറയുന്നു "യേശുവിനെ കർത്താവു എന്നു വായികൊണ്ടു് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയം കൊണ്ടു വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും." ( റോമർ 10:9 )

മരണാനന്തരമുള്ള ഒരു പ്രക്രിയയിൽകൂടിയും ഒരുവൻെറ ആത്മാവിനെ സ്വർഗ്ഗത്തിൽ എത്തിക്കുവാൻ കഴികയില്ലായെന്ന് വേദപുസ്തകം വളരെ വ്യക്തമായി വെളിപ്പെടുത്തുന്നു. "അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിനുതക്കവണ്ണം പ്രാപിക്കേണ്ടതിനു് നാം എല്ലാവരും ക്രിസ്തുവിൻെറ ന്യായാസനത്തിൻെറ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു. ( 2 കോരിന്ത്യർ 5:10 )